പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2227 | 23-01-2014-ൽ മറുപടിക്ക്

## വൈദ്യുതി റീഡിംഗ് ആധുനികവത്ക്കരണം

**ചോദ്യം** | **ഉത്തരം**

ശ്രീ. പി.കെ. ഗുരുദാസൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി.)

(എ) 2013-14 ൽ വൈദ്യുതി വകുപ്പിന് പ്രീ-പെയ്ഡ് മീറ്റർ, ഓട്ടോമേറ്റഡ് മീറ്ററിംഗ് സിസ്റ്റം, സ്മാർട്ട് ഗ്രിഡ് എന്നിവ ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

(എ) 2013-14 ൽ സ്മാർട്ട് ഗ്രിഡിന്റെ പൈലറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി, കേരളത്തിലെ തിരഞ്ഞെടുത്ത 25078 വ്യാവസായിക ലോ ടെൻഷൻ ഉപഭോക്താക്കൾക്കായി സ്മാർട്ട് ഗ്രിഡ് ഓട്ടോമേറ്റഡ് മീറ്ററിംഗ് സിസ്റ്റം സ്ഥാപിക്കുവാനുള്ള ദർഘാസ് 18.12.2013 ൽ ക്ഷണിച്ചിട്ടുണ്ട്, ഇതിൽ പ്രീ-പെയ്ഡ് സിസ്റ്റവും വിഭാവനം ചെയ്തിട്ടുണ്ട്. ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പരിഷ്കരിച്ച ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (ആർ.എ.പി.ഡി.ആർ.പി) പാർട്ട്-എ യിലെ വിവരസാങ്കേതിക വിദ്യ പദ്ധതിയിൽ ഓട്ടോമേറ്റഡ് മീറ്ററിംഗ് സിസ്റ്റം നടപ്പിലാക്കാൻ വിഭാവനം ചെയ്തിരിക്കുന്നു. ഇതിന്റെ ഭാഗമായി ഗുരുവായൂർ, കോട്ടയം എന്നീ പൈലറ്റ് നഗരങ്ങളിൽ എച്ച്.റ്റി /ഇ.എച്ച്.റ്റി ഉപഭോക്താക്കളുടെ മീറ്ററിംഗ്, ഫീഡർ

മീറ്റർ, ബോർഡർ മീറ്റർ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ മീറ്റർ എന്നിവയുടെ റീഡിംഗും മറ്റു വിവരങ്ങളും, ഓട്ടോമേറ്റഡ് മീറ്ററിംഗ് സിസ്റ്റം മുഖേന പരീക്ഷണാടിസ്ഥാനത്തിൽ സ്വീകരിക്കുവാൻ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ